# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 37 10.06.2014- ൽ മറുപടിക്ക്

## കൈത്തറി മേഖലയുടെ പുനരുദ്ധാരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.എം.എ.ബേബി<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനുള്ള കമ്മിറ്റി 2010-ൽ സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) | കൈത്തറി മേഖലയിലെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി പഠനം നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് 25.09.2008-ൽ ജി.ഒ. (ആർ.ടി) നമ്പർ 1112/08/ഐ.ഡി പ്രകാരം സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി 2010-ൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പുനരുദ്ധാരണ സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾ പ്രധാനമായി 5 ഘടകങ്ങളായാണ് തരംതിരിച്ചിരിക്കുന്നത്. അവ ചുവടെ ചേർക്കുന്നു.<br>**1) സാമ്പത്തിക സഹായ പദ്ധതികൾ**<br>ഹാന്റക്സിനേയും ഹാൻവീവിനേയും ശക്തിപ്പെടുത്തുന്നതിനായി ഈ സ്ഥാപനങ്ങളുടെ കടബാധ്യതകൾ അവസാനിപ്പിക്കുന്നതിന് നടപടി എടുക്കണം എന്നതാണ് പ്രധാനപ്പെട്ട ശുപാർശ.<br>പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളെ സംബന്ധിച്ച് നിലവിലുള്ള കടബാധ്യതയും സാമ്പത്തിക ക്ലേശവും പരിഹരിക്കുന്നതിന് അനുയോജ്യമായ പുതിയ പദ്ധതി ആവിഷ്കരിക്കുക, |

ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനു മുൻപ് ഈ പദ്ധതി കൊണ്ട് പ്രയോജനം സിദ്ധിക്കാൻ കഴിയുന്ന സംഘങ്ങളെ കണ്ടെത്തണമെന്നും പുനരുജ്ജീവിപ്പിക്കാൻ കഴിയാത്ത സംഘങ്ങളെ മറ്റു സംഘങ്ങളുമായി സംയോജിപ്പിക്കുകയോ സമാപ്തീകരണം നടത്തുകയോ ചെയ്യണമെന്നും ശുപാർശ ചെയ്തിരുന്നു.

കുടിശ്ശികയില്ലാതെ റിബേറ്റ് വിതരണം ചെയ്യണമെന്നും റിബേറ്റ് ദിനങ്ങളുടെ എണ്ണം 101 ആയി വർദ്ധിപ്പിക്കണമെന്നുമാണ് മറ്റൊരു ശുപാർശ. കൂടാതെ കുറഞ്ഞ വരുമാനമുള്ള സംഘങ്ങൾക്ക് മാനേജീരിയിൽ ഗ്രാന്റ് നൽകുക, പ്രാഥമിക കൈത്തറി സംഘങ്ങളെ ആഡിറ്റ് ഫീസിൽ നിന്നും ഒഴിവാക്കുക, സർക്കാർ ഓഹരി പങ്കാളിത്തത്തിന്റെ തോത് വർദ്ധിപ്പിക്കുക, സർക്കാർ വായ്പയ്ക്ക് പലിശ നിരക്ക് കുറയ്ക്കുക, ബാങ്ക് നൽകുന്ന പ്രവർത്തന മൂലധന വായ്പയ്ക്ക് ഈടാക്കുന്ന പലിശക്ക് സർക്കാർ സബ്സിഡി നൽകുക എന്നീ നിർദ്ദേശങ്ങളുമുണ്ട്.

**2)അടിസ്ഥാന വികസന മേഖലയിൽ സ്വീകരിക്കേണ്ട നടപടികൾ**

കൈത്തറി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെടുന്ന ശുപാർശകളിൽ പ്രധാനമായി അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുകയും ഇവയുടെ വില കുറച്ചുകൊണ്ടു വരികയും ചെയ്യണമെന്നാവശ്യപ്പെടുന്നു. കൂടാതെ കൈത്തറി വ്യാപകമായുള്ള സ്ഥലങ്ങളിൽ നൂലിന്റെ വിവിധ സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങൾ ഒരു

കടക്കീഴിൽ ഒരുക്കുക എന്നും ആവശ്യപ്പെടുന്നു. കൂടാതെ കൈത്തറിയുടെ ഉൽപാദന ക്ഷമത ഉയർത്തു ന്നതിനുള്ള സംവിധാനം ലഭ്യമാക്കുക എന്നതുമാണ്.

**3)ഉൽപാദന വിപണന മേഖലയിൽ മാറ്റം വരുത്തേണ്ടതാണ്.**

കൈത്തറി ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണവും ആകർഷകത്വവും വർദ്ധിപ്പിക്കുന്നതിനും അതു വഴി വിപണി മെച്ചപ്പെടുത്തുന്നതിനുമായി ചില നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത്. കൂടാതെ പരിശീലനം കാര്യക്ഷമമാക്കുകയും വിപണനം മെച്ചപ്പെടുത്തുകയും ചെയ്യണമെന്നും ശുപാർശ ചെയ്യുന്നു. വ്യാജ ഉൽപന്നങ്ങളിൽ നിന്നും, ഇതര സംസ്ഥാനങ്ങളിലെ ഉൽപന്നങ്ങളിൽ നിന്നുമുള്ള ഭീഷണിക്കെതിരെ നടപടി ശക്തമാക്കണമെന്നും ആവശ്യപ്പെടുന്നുണ്ട്.

**4.ഭരണ രംഗത്ത് വരുത്തേണ്ട വ്യതിയാനങ്ങൾ**

കൈത്തറി മേഖലയിൽ സർക്കാർ ധനസഹായം നൽകുന്നത് കൈത്തറി സഹകരണ സംഘങ്ങൾ വഴിയാകണമെന്ന് ശുപാർശ ചെയ്തിരിക്കുന്നു. ഇതിനു വിരുദ്ധമായുള്ള സർക്കാർ പദ്ധതികൾ ഗുണകരമാവുകയില്ല എന്ന് വിലയിരുത്തുന്നു.

കൈത്തറി മേഖലയുടെ വളർച്ചക്ക് പ്രത്യേകമായ ഒരു വകുപ്പ് രൂപീകരിക്കണമെന്നും ആ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ പുനർ വിന്യാസം ഫലപ്രദമായ രീതിയിലാകണമെന്നും ശുപാർശ ചെയ്യുന്നു. കൂടാതെ ബന്ധപ്പെട്ട വകുപ്പ് ജീവനക്കാർക്കും സംഘ

| | | | |
|---|---|---|---|
| | | | ങ്ങളിലെ ഭരണസമിതി അംഗങ്ങൾക്കും പരിശീലനം നൽകി പ്രാപ്തി വർദ്ധിപ്പിക്കണമെന്നും, ആവശ്യപ്പെടുന്ന പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു മുമ്പ് വിശദമായ പഠനം നടത്തണമെന്നും അതു വഴി പദ്ധതികളിൽ കടന്നു കൂടുന്ന അപാകതകൾ ഒഴിവാക്കണമെന്നും ആവശ്യപ്പെടുന്നു.<br><br>**<u>5) അന്വേഷണ നടപടികളിലെ പോരായ്മകൾ പരിഹരിക്കണം</u>**<br>കൈത്തറി സഹകരണ സംഘങ്ങളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടക്കുന്ന അന്വേഷണങ്ങൾ സംഘം പ്രവർത്തനത്തെ പലപ്പോഴും തടസ്സപ്പെടുത്തുന്നു എന്നു നിരീക്ഷിച്ചു കൊണ്ട് അത്തരത്തിലുള്ള തടസ്സപ്പെടുത്തലുകൾ ഒഴിവാക്കുന്നതിന് നടപടി എടുക്കണമെന്ന് ആവശ്യപ്പെടുന്നു. കൂടാതെ അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ ശക്തമായ നടപടി എടുക്കണമെന്നും ശുപാർശ ചെയ്യുന്നു. |
| (ബി) | ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പഠന കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ പലതും ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. കൈത്തറി മേഖലയുടെ കടബാധ്യത പരിഹരിക്കണമെന്ന നിർദ്ദേശം, കേന്ദ്രസർക്കാർ ഇതിനു വേണ്ടി ആവിഷ്ക്കരിച്ച റിവൈവൽ റീഫോം ആന്റ് റീസ്ട്രക്ചറിംഗ് എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിന് മുമ്പുള്ളതാണ്. ഇപ്പോൾ ഈ പദ്ധതി നടന്നു വരികയാണ്. ഈ പദ്ധതി അനുസരിച്ച് 2010 മാർച്ച് 31 വരെയുള്ള 100% മുതൽ തുകയും 25% പലിശയും അല്ലെങ്കിൽ നോൺപെർഫോമിംഗ് അസറ്റ് ആകുന്നതുവരെയുള്ള 100% മുതൽ തുകയും 25% പലിശയും ഏതാണോ |

| | | | |
|---|---|---|---|
| | | | ആദ്യം വരുന്നത് അതിനെ ഒഴിവാക്കും. കൂടാതെ റിബേറ്റ്, കുടിശ്ശികയില്ലാതെ നൽകണമെന്ന ശുപാർശയും പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുക യാണ്. പ്രൈമറി സംഘങ്ങളുടെ റിബേറ്റ് 2010-2011 വരെ കൊടുത്തു കഴിഞ്ഞു. 2011-2012 കാലയളവിലെ റിബേറ്റ് കൊടുക്കാനുള്ള നടപടികൾ എടുത്തു കഴിഞ്ഞു. 4.40 കോടി രൂപയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇത് കൂടാതെ 7 കോടി രൂപ കൂടി അനുവദിക്കുമെന്ന് 2014-2015 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇങ്ങനെ കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. വ്യാജ റിബേറ്റ് തടയുന്നതിനായി വകുപ്പ് തലത്തിൽ വിശദമായ പരിശോധന സംഘങ്ങളിൽ നടത്തിയിട്ടുണ്ട്.<br><br>കേന്ദ്ര ഗവൺമെന്റ് കൈത്തറി മേഖലയ്ക്ക് നൽകുന്ന വായ്പയുടെ 7% ഇന്ററസ്റ്റ് സബ്‌വെൻഷൻ നൽകുന്നുണ്ട്. കൈത്തറി മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിയത് ഈ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷമാണ്.<br><br>കുടിൽ മാതൃകാ സംഘങ്ങളിലെ നെയ്ത്തുകാർക്ക് അനുബന്ധ ഉപകരണങ്ങൾ സൗജന്യമായി കൊടുക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ധന സഹായം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മികച്ച നെയ്ത്തുകാർക്ക് അധിക വരുമാനം ലഭിക്കുന്നതിന് പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതിയും ആരംഭിച്ചു നടപ്പിലാക്കുന്നുണ്ട്. ഹാന്റക്സിനേയും |

| | | | |
|---|---|---|---|
| | | | ഹാൻവീവിനേയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. സംഘങ്ങൾക്ക് ഹാങ്ക് യാൺ/നൂൽ സബ്സിഡി നൽകി വരുന്നു. കൂടാതെ കേന്ദ്രഗവൺമെന്റ് 10% പ്രൈസ് സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. കൈത്തറി ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനായി കൈത്തറി ക്ലസ്റ്ററുകളിൽ ഡിസൈനറെ നിയമിച്ചു, വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരുന്നു. കൂടാതെ ഐ.ഐ.എച്ച്.റ്റി കണ്ണൂരിന്റെ സഹായത്തോടെ വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരുന്നു. വിപണനത്തെ സഹായിക്കുന്നതിനായി, റിബേറ്റിനു പുറമേ ഉത്സവ സീസണുകളിൽ എക്സിബിഷൻ സംഘടിപ്പിച്ചു വരുന്നു. കൂടാതെ ബൈയർ സെല്ലർ മീറ്റും സംഘടിപ്പിക്കുന്നുണ്ട്. അഴിമതിയും ക്രമക്കേടുകളുമില്ലാതാക്കുന്നതിനുള്ള ശക്തമായ നടപടി എടുത്തു വരുന്നുണ്ട്. |
| (സി) | കൈത്തറി മേഖലയിലെ സഹകരണ സംഘങ്ങൾക്ക് പി.എഫ്, ഇ.എസ്.ഐ കടിശ്ശിക വരുന്നതുമൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ ധനസഹായം നൽകണമെന്ന ആവശ്യത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ; | (സി) | കൈത്തറി മേഖലയിലെ ഫാക്ടറി ടൈപ്പ് സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനു വേണ്ടി പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2007-2008 മുതൽ നാളിതുവരെയായി ഇ.പി.എഫ്, ഇ.എസ്.ഐ കടിശ്ശിക തീർപ്പാക്കുന്നതിനായി ഇ.പി.എഫ്-1,88,87,193/- രൂപയും , ഇ.എസ്.ഐ-28,06,214/-രൂപയും ഉൾപ്പെടെ ആകെ- 2,16,93,407/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | കൈത്തറിക്ക് പ്രാദേശിക വിപണനം സാധിക്കുന്നതിന് സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ടുദിവസം കൈത്തറി വസ്ത്രം ധരിക്കണമെന്ന ഉത്തരവ് പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ? | (ഡി) | സർക്കാരിന്റെ 20.07.2009-ലെ ഉത്തരവ് പ്രകാരം എല്ലാ വാരാന്ത്യങ്ങളിലെങ്കിലും (ശനി,ഞായർ) എല്ലാ കേരളീയരും കൈത്തറി ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. അതു പ്രകാരം |

| | | | |
|---|---|---|---|
| | | | പ്രവർത്തിദിവസമായ ശനിയാഴ്ച സർക്കാർ ജീവനക്കാർ കൈത്തറി ഖാദി വസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നു. എന്നാൽ 27.12.2012 മുതൽ ഇപ്പോൾ ബുധനാഴ്ച ദിവസങ്ങളിൽ ജീവനക്കാർ കൈത്തറി ഖാദി വസ്ത്രങ്ങൾ ധരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിഷു, ഓണം, കേരളപ്പിറവി ദിവസങ്ങളിലും കൈത്തറി വസ്ത്രം ധരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ